**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2026-27 - റോഡ് - റോഡിതര സംരക്ഷണ ഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ച ഉത്തരവിൽ ഭേദഗതി വരുത്തി തുടർ ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം.7352/2026/ധന തീയതി, തിരുവനന്തപുരം, 24/09/2026

---

പരാമർശം : 1) സ.ഉ.(സാധാ) നം.7160/2026/ധന തീയതി 16/09/2026.
2) (ഇ: 3251760) ഡെവ്- 2/150/2025-ധന നം ഫയൽ

**ഉത്തരവ്**

2026-27 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് റോഡിതര സംരക്ഷണ ഫണ്ടിന്റെ രണ്ടാം ഗഡുവായി **539,46,08,390/-** രൂപയും, റോഡ് സംരക്ഷണ ഫണ്ടിന്റെ രണ്ടാം ഗഡുവായി **899,10,13,590/-** രൂപയും ചേർത്ത് സംരക്ഷണ ഫണ്ടായി ആകെ **1438,56,21,980/- രൂപ** പ്രാദേശിക സർക്കാരുകൾക്ക് പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2) ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണശാലയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട 48 LAR കേസുകളിലെ വിധിന്യായ തുകയായ **₹85,40,93,282/-** കൊച്ചി നഗരസഭയുടെ വികസന ഫണ്ടിൽ നിന്നും തിരിച്ചുപിടിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, ടി തുക നഗരസഭയുടെ റോഡ് സംരക്ഷണ ഫണ്ടിൽ നിന്നും **₹3,71,34,490/- വീതമുള്ള ഗഡുക്കളായി 8 വർഷം കൊണ്ട്** തിരിച്ചുപിടിക്കുന്നതിനും, ആദ്യ ഗഡു 2026-27 സാമ്പത്തിക വർഷത്തിലെ റോഡ് സംരക്ഷണ ഫണ്ടിന്റെ രണ്ടാം ഗഡുവിൽ നിന്നും ഈടാക്കുന്നതിനും പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (1) ലെ

സർക്കാർ ഉത്തരവിലെ അനുബന്ധം - I താഴെ വിശദീകരിച്ചിട്ടുള്ള പ്രകാരം ഭേദഗതി ചെയ്തു ഉത്തരവാകുന്നു.

**അനുബന്ധം - I മുനിസിപ്പൽ കോർപ്പറേഷനുകൾ**

| സംരക്ഷണ ഫണ്ട് (തുക രൂപയിൽ) | | | | | | |
|---|---|---|---|---|---|---|
| 2026-27 സാമ്പത്തിക വർഷത്തിലെ രണ്ടാം ഗഡു (ആഗസ്റ്റ് 2026 ) | | | | | | |
| നമ്പർ | പ്രാദേശിക സർക്കാർ കോഡ് | പ്രാദേശിക സർക്കാർ | റോഡിതര ഫണ്ട് | റോഡ് ഫണ്ട് | കുറവ് വരുത്തുന്ന തുക | റോഡ് ഫണ്ടിൽ അനുവദിക്കുന്ന അറ്റ തുക |
| ചെലവിനത്തിൽ ഉൾപ്പെടുത്തേണ്ട ശീർഷകം | | | 3604-00-200-77-(01)-NP | 3604-00-200-76-(01)-NP | | |
| a | b | c | d | e | f | g |
| 1 | C010100 | തിരുവനന്തപുരം | 108503000 | 206788000 | 0 | 206788000 |
| 2 | C020100 | കൊല്ലം | 32918670 | 80269670 | 0 | 80269670 |
| 3 | C070100 | കൊച്ചി | 60348330 | 145799330 | 37134490 | 108664840 |
| 4 | C080100 | തൃശ്ശൂർ | 32933330 | 186814000 | 0 | 186814000 |
| 5 | C110100 | കോഴിക്കോട് | 56931330 | 122700670 | 0 | 122700670 |
| 6 | C130100 | കണ്ണൂർ | 15346000 | 95806670 | 0 | 95806670 |
| | | ആകെ | 306980660 | 838178340 | 37134490 | 801043850 |

മേൽ ഭേദഗതിയോടെ പരാമർശത്തിലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

4) ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണശാലയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട 48 LAR കേസുകളിലെ വിധിന്യായ തുക കൊച്ചി നഗരസഭയിൽ നിന്നും തിരികെ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കൊച്ചി നഗരസഭക്ക് അനുവദിക്കുന്ന റോഡ് സംരക്ഷണ ഫണ്ടിൽ നിന്നും (head of account- '3604-00-200-76-(01)-NP') 23 തവണകളിൽ ഒന്നാം തവണയായി ₹3,71,34,490/-രൂപ (മൂന്ന് കോടി എഴുപത്തി ഒന്ന് ലക്ഷത്തി മുപ്പത്തി നാലായിരത്തി നാന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) കുറവ് ചെയ്ത് '6217-60-190-99- Loans to Kerala Urban Development Corporation (Receipt Side)' എന്ന

ശീർഷകത്തിൽ ഒടുക്കുവാൻ ധനകാര്യ അക്കൗണ്ട്സ് വിഭാഗം അണ്ടർ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി. ഗോപകുമാർ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് – II/ എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് – III), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
ഡി.ഡി.ഒ, ധനകാര്യ (അക്കൗണ്ട്സ്) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E- 3589311)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.